## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2361 — 23-01-2014 ലെ മറുപടിയ്ക്ക്

## നികുതി വരുമാനത്തിൽ ഉണ്ടായ കുറവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ :<br>ശ്രീമതി.ഇ.എസ്.ബിജിമോൾ :<br>ശ്രീ.കെ.രാജു :<br>ശ്രീ.ചിറ്റയം ഗോപകുമാർ : | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

എ) നടപ്പുസാമ്പത്തിക വർഷത്തിൽ ഇതുവരെയായി വാണിജ്യ നികുതി, എക്സൈസ് തീരുവ, രജിസ്ട്രേഷൻ, വാഹന നികുതി എന്നീ ഇനത്തിലുള്ള വരുമാനം എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത ഇനങ്ങളിൽ ഉണ്ടായിരുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

എ) & ബി)

| | ലഭിച്ച വരുമാനം (തുക കോടിയിൽ) | |
|---|---|---|
| ഇനം | 2013-14 (നവംബർ 2013 വരെ) എ.ജി.യുടെ പ്രാഥമിക കണക്കുകൾ പ്രകാരം | 2012-13ലെ കണക്ക് |
| വാണിജ്യനികുതി | 15797.94 | 22511.09 |
| എക്സൈസ് തീരുവ | 1252.81 | 2313.95 |
| രജിസ്ട്രേഷൻ | 1668.73 | 2938.37 |
| വാഹനനികുതി | 1388.44 | 1924.62 |

സി) നടപ്പുസാമ്പത്തിക വർഷം നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

സി) നികുതി വരുമാനത്തിൽ മൊത്തത്തിൽ കുറവ് ഉണ്ടായിട്ടില്ല. എന്നാൽ നികുതി പിരിവിൽ ചില വിഭാഗങ്ങളിൽ പ്രതീക്ഷിച്ച പ്രകാരമുള്ള ഒരു വർദ്ധനവ് ഉണ്ടായിട്ടില്ല. ഇതിന്റെ കാരണങ്ങൾ താഴെ പ്പറയുന്നവയാണ്.

1) വാഹനങ്ങളുടെ വിൽപ്പനയിലും രജിസ്ട്രേഷനിലും മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായതിനാൽ ഏറ്റവും കൂടുതൽ വാറ്റ് നികുതി ലഭിക്കുന്ന ഉൽപന്നമായ മോട്ടാർവാഹനത്തിൽ പ്രതീക്ഷിച്ച നികുതി വർദ്ധന ഉണ്ടായില്ല.

2) പ്രധാന കാർഷികോൽപ്പന്നങ്ങളായ റബ്ബർ, ഏലം, കുരുമുളക് എന്നിവയിലും പൊതുവായ എല്ലാ നാണ്യവിളകളിലും ഉണ്ടായ വിലയിടിവും കാലവർഷക്കെടുതി മൂലമുള്ള ഉൽപാദനക്കുറവും ഈ മേഖലയിൽ നിന്നുള്ള നികുതി വരുമാനത്തിൽ

ഗണ്യമായ കുറവുണ്ടാക്കി.
3) നിർമ്മാണ മേഖല പൊതുവേ മാന്ദ്യം നേരിടുന്നതിനാൽ ഈ മേഖലയിൽ നിന്നും നിർമ്മാണ സാമഗ്രികളുടെ നികുതിയിലും വളർച്ചാനിരക്ക് കുറവാണ് രേഖപ്പെടുത്തിയത്.
4) ഈ വർഷം അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന്മേൽ ലഭിക്കാമായിരുന്ന നികുതി ലഭിച്ചില്ല എന്നു മാത്രമല്ല പ്രധാനമായും കാർഷിക മേഖലയാൽ നിയന്ത്രിക്കപ്പെടുന്ന സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രധാന നാണ്യവിളകളുടെ വിലയിടിവ്, മഴയെത്തുടർന്നുള്ള ഉൽപ്പാദനക്കുറവ് എന്നിവ കർഷകരുടെ ക്രയശേഷിയെ ബാധിച്ചു. ഇത് ആഡംബര വസ്തുക്കളുടെ വിൽപനയേയും തദ്വാര ലഭിക്കാമായിരുന്ന നികുതിയെയും ബാധിക്കുകയുണ്ടായി.
5) ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരവിൽ ഗണ്യമായ ഇടിവുണ്ടായത് നികുതി വരുമാനത്തെ സാരമായി ബാധിച്ചു.
6) രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ വന്ന കുറവും സ്റ്റാമ്പ് ഡ്യൂട്ടിയിൽ 2% കുറവ് വരുത്തിയതും രജിസ്ട്രേഷൻ ഇനത്തിൽ വരുമാനം കുറയാൻ കാരണമായി.

സെക്ഷൻ ഓഫീസർ